പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2889.

02.04.2013 ൽ മറുപടിക്ക്

## അരി വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ വി.എസ്. സുനിൽ കുമാർ:<br>ശ്രീമതി ഗീതാ ഗോപി:<br>ശ്രീ. കെ. രാജു:<br>,, പി. തിലോത്തമൻ: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ റേഷൻ കടകളിൽ കുറഞ്ഞ നിരക്കിലുള്ള പച്ചരി ഉൾപ്പെടെയുള്ള അരിക്ക് കൂടിയ നിരക്ക് ഈടാക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അരി മറിച്ചു വില്പനയിൽ റേഷൻ കടകളിലൂടെ കോടിക്കണക്കിന് രൂപയുടെ ക്രമക്കേട് നടന്നതായുള്ള ആരോപണത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗുണഭോക്താക്കളുടെ റേഷൻ കാർഡ് പരിശോധിച്ച് റേഷൻ വിഹിതം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ റേഷനിംഗ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ വിഭാഗം കാർഡ് ഉടമകൾക്കും അർഹതപ്പെട്ട അളവും നിരക്കും സംബന്ധിച്ച് പ്രമുഖ പത്രമാധ്യമങ്ങളിൽ പരസ്യം നൽകാറുണ്ട്. എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങളിലെ കാർഡുടമകൾക്ക് സബ്സിഡി അനുവദിച്ചു നൽകുന്ന ഭക്ഷ്യധാന്യങ്ങൾക്കുപുറമേ കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ആവശ്യമുള്ള കാർഡുടമകൾക്കു നല്കുന്നതിനായി 20.50 രൂപ നിരക്കിൽ അരി വിതരണം ചെയ്തിരുന്നു. എന്നാൽ ഈ പദ്ധതി ദുരുപയോഗം ചെയ്യപ്പെടുന്നു എന്ന പരാതിയുണ്ടായ സാഹചര്യത്തിൽ 16.03.2013 നു ശേഷം ഇതു നിർത്തി വയ്ക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്; |
| (ബി) സംസ്ഥാനത്ത് ഏതെല്ലാം നിരക്കിൽ എതെല്ലാം ഇനം അരി എത്ര കിലോ ഗ്രാംവീതം എ.പി.എൽ, ബി.പി.എൽ. എ.എ.വൈ. വിഭാഗങ്ങൾക്ക് നൽകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) | സംസ്ഥാനത്തെ റേഷൻ കടകൾ വഴി 2013 മാർച്ച് മാസത്തിൽ വിതരണം ചെയ്ത അരിയുടെ അളവ് ചുവടെ ചേർക്കുന്നു; |

| ഇനം | നിരക്ക്/Kg | അളവ് |
|---|---|---|
| 1. ബി.പി.എൽ | 1.00/- | 25 Kg |
| | 6.20/- | 05 Kg |
| 2. എ.എ.വൈ | 1.00/- | 35 Kg |

| | | |
|---|---|---|
| 3. എ.പി.എൽ (സബ്സിഡി) | 2.00/- | 09 Kg |
| 4. എ.പി.എൽ (നോർമൽ) | 8.90/- | 10 Kg |
| എ.പി.എൽ ( 3 ലും 4 ലും പെട്ടവരിൽ 2009 ലെ ബി.പി.എൽ ലിസ്റ്റിൽ പെട്ടവർ) | 6.20/- | 19 Kg |

ഇതു കൂടാതെ 20.50 രൂപ നിരക്കിലുള്ള അരി( എഫ്.സി.ഐ യിൽ നിന്നുള്ള ഗ്രേഡ് എ കോമൺ ഇനത്തിൽപ്പെട്ട അരി) എല്ലാ കാർഡുടമകൾക്കും വിതരണം ചെയ്തു വന്നിരുന്നു. എന്നാൽ ഈ അരിയുടെ വിതരണം 16.03.2013 നു ശേഷം നിർത്തി വെയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിലെ റേഷൻകടകളിലൂടെ സപ്ലൈകോ സംഭരിക്കുന്ന നെല്ല് കുത്തിയെടുക്കുന്ന അരിയും വിതരണം ചെയ്തു വരുന്നു:

(സി) അർഹതപ്പെട്ട കുറഞ്ഞ നിരക്കിലുള്ള അരി ഉപഭോക്താക്കൾക്ക് കൃത്യ അളവിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(സി) ഉണ്ട്: അർഹതപ്പെട്ട കുറഞ്ഞ നിരക്കിലുള്ള അരി ഉപഭോക്താക്കൾക്ക് കൃത്യ അളവിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ റേഷൻ കാർഡ് പരിശോധിച്ച് റേഷൻ വിഹിതം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്താൻ റേഷനിംഗ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ വിഭാഗം കാർഡ് ഉടമകൾക്കും അർഹതപ്പെട്ട അളവും നിരക്കും പ്രമുഖ പത്രമാധ്യമങ്ങളിൽ പരസ്യപ്പെടുത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ